# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

# ഉത്തരവ്

---

നമ്പർ: 118/2015/സം.തി.ക. തിരുവനന്തപുരം, 2015 സെപ്റ്റംബർ 17

---

സംസ്ഥാനത്തെ വിവിധ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലേയ്ക്ക് 2010-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിനുശേഷം 2014 ജനുവരി 01 മുതൽ 2015 മേയ് 31 വരെ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ വിവിധ വാർഡുകളിൽ സ്ഥാനാർത്ഥികളായിരുന്ന അനുബന്ധ പട്ടികയിൽ പേരു ചേർത്തിട്ടുള്ളവർ, അവരുടെ തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കണക്കുകൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 142-ാം വകുപ്പും 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും അനുശാസിക്കുന്ന വിധം കൃത്യസമയത്ത് നിശ്ചിതരീതിയിൽ, നിയമാനുസൃതം സമർപ്പിച്ചിട്ടില്ലായെന്നോ അല്ലെങ്കിൽ സ്ഥാനാർത്ഥികൾക്ക് ചെലവാക്കാവുന്ന പരിധിയിൽ കൂടുതൽ തുക ചെലവാക്കിയിട്ടുണ്ടെന്നോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പ്രസ്തുത കണക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ നിയമാനുസൃതം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിൽ, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89 -ാം വകുപ്പനുസരിച്ച് അയോഗ്യതാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സമർപ്പിക്കാൻ മേൽപ്പറഞ്ഞ സ്ഥാനാർത്ഥികൾക്ക് കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ടപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രേഖാമൂലം രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും എന്നാൽ പ്രസ്തുത നോട്ടീസ് കൈപ്പറ്റാത്തവർക്ക് മുനിസിപ്പാലിറ്റി നിയമപ്രകാരം വീണ്ടും നോട്ടീസ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(6)-ാം ചട്ടം നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ 20 ദിവസത്തിനുള്ളിൽ യാതൊരു നിവേദനവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ വീഴ്ചയ്ക്ക് മതിയായ കാരണമോ വിശദീകരണമോ ഇതോടൊപ്പമുള്ള പട്ടികയിൽ പേര് പറയുന്ന സ്ഥാനാർത്ഥികൾ നൽകിയിട്ടില്ലാത്തതുമാണ്.

ആയതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പനുസരിച്ച്, ഇതോടൊപ്പമുള്ള പട്ടികയിൽ പേരു ചേർത്തിരിക്കുന്നവർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനോ കൗൺസിലർ ആയിരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**ഒപ്പ്**
**കെ. ശശിധരൻ നായർ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

# മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ

| തിരുവനന്തപുരം ജില്ല | | | | |
|---|---|---|---|---|
| **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **വാർഡിന്റെ നമ്പർ / പേര്** | **തിരഞ്ഞെടുപ്പ് തീയതി** | **അയോഗ്യത കല്പിക്കപ്പെട്ട സ്ഥാനാർത്ഥിയുടെ പേര്** | **മേൽവിലാസം** |
| **(1)** | **(2)** | **(3)** | **(4)** | **(5)** |
| **മുനിസിപ്പൽ കോർപ്പറേഷൻ** | | | | |
| സി.01 തിരുവനന്തപുരം | 98. ആറ്റിപ്ര | 22/05/2014 | അജിതകുമാരി. ആർ | അജിതാ ഹൗസ്, തൃപ്പാദപുരം, അരശുംമൂട്, കുളത്തൂർ പി.ഒ., |
| സി.01 തിരുവനന്തപുരം | 98. ആറ്റിപ്ര | 22/05/2014 | ശോഭ | നംപച്ചപിള്ള വീട്, പെരുന്താന്നി |
| സി.01 തിരുവനന്തപുരം | 98. ആറ്റിപ്ര | 22/05/2014 | ശ്രീകല | കുന്നാണ്ടിയിൽ വീട്, കുളത്തൂർ പി.ഒ |
| **നഗരസഭ** | | | | |
| എം.04 വർക്കല | 27. ടെമ്പിൾ വാർഡ് | 02/12/2014 | പത്മജ | മേടയിൽ വീട്, സന്നിധി ഗ്രാമം, വർക്കല |
| **പത്തനംതിട്ട** | | | | |
| **നഗരസഭ** | | | | |
| എം.10 തിരുവല്ല നഗരസഭ | 17-ഇരുവള്ളിപ്ര | 12.08.2014 | ലിജി ബൈജു, | കണ്ണാലിൽ താഴ്ചയിൽ, തിരുമൂലപുരം .പി.ഒ., തിരുവല്ല, പത്തനംതിട്ട ജില്ല. |
| എം.10 തിരുവല്ല നഗരസഭ | 17-ഇരുവള്ളിപ്ര | 12.08.2014 | നിധി. റ്റി. കുഞ്ഞുകുഞ്ഞ്, | പാറയിൽ, തിരുമൂലപുരം .പി.ഒ., തിരുവല്ല, പത്തനംതിട്ട ജില്ല. |
| **കോട്ടയം** | | | | |
| **നഗരസഭ** | | | | |
| എം.16 ചങ്ങനാശ്ശേരി | 21 - പെരുന്ന അമ്പലം | 28.01.2015 | സിന്ധു സന്തോഷ് | പൂന്തോട്ടത്തിൽ പെരുന്ന.പി.ഒ ചങ്ങനാശ്ശേരി |